## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2634 14.12.2015-ൽ മറുപടിക്ക്

### കേരള വാട്ടർ അതോറിറ്റിയിൽ പെൻഷൻ ആനുകൂല്യങ്ങൾ നല്കുന്നതിലുള്ള കാലതാമസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ടി.എ. റഹീം : | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| എ. | കേരള വാട്ടർ അതോറിറ്റി പെൻഷനായ ജീവനക്കാർക്ക് കമ്മ്യൂട്ടേഷൻ, ഗ്രാറ്റുവിറ്റി എന്നിവ നൽകുന്നതിന് 3 വർഷത്തെ കാലതാമസം ഉണ്ടായത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എന്തു സാഹചര്യത്തിലാണ് ഇപ്രകാരം കാലതാമസം ഉണ്ടായതെന്ന് വ്യക്തമാക്കുമോ; | എ. | കേരള വാട്ടർ അതോറിറ്റിയിൽ പെൻഷനായ ജീവനക്കാർക്ക് കമ്മ്യൂട്ടേഷൻ, ഗ്രാറ്റുവിറ്റി എന്നിവ നൽകുന്നതിന് ഫണ്ടിന്റെ ലഭ്യത കുറവു കാരണം കാലതാമസം ഉണ്ടായിട്ടുണ്ട്. അതാത് മാസത്തെ പെൻഷൻ കൃത്യമായി നൽകി വരുന്നു. |
| ബി. | ഈ ആനുകൂല്യങ്ങൾ നല്കുന്നതിനായി വാട്ടർ അതോറിറ്റി വായ്പ എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | ബി. | വായ്പ എടുത്തിട്ടില്ല. |
| സി. | എത്ര തുകയാണ് ഇതിനായി സർക്കാർ വാട്ടർ അതോറിറ്റിക്ക് നൽകിയതെന്ന് വിശദമാക്കുമോ ? | സി. | സർക്കാരിൽ നിന്നും പ്രത്യേകമായി തുകയൊന്നും നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ